## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2450** | **9.03.2018-ൽ മറുപടിക്ക്**

## കാസർകോട് ജില്ലയിലെ ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കാസർകോട് ജില്ലയിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നും ഇവരിൽ എത്ര പേർക്ക് റേഷൻ കാർഡുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ; | (എ) തൊഴിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ആവാസ് പദ്ധതിയുടെ കീഴിൽ 7.03.2018 വരെ കാസർകോട് ജില്ലയിൽ 5402 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് റേഷൻ കാർഡ് നൽകിയിട്ടില്ല. |
| (ബി) ഇവരിൽ ഏതെല്ലാം സംസ്ഥാനങ്ങളിലുള്ള സ്ത്രീ-പുരുഷൻമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) കാസർഗോഡ് ജില്ലയിൽ ഇതരസംസ്ഥാന തൊഴിലാളികളിൽ പശ്ചിമബംഗാൾ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരെയാണ് കൂടുതലായും കണ്ടുവരുന്നത്. ഇത് കൂടാതെ ബീഹാർ, ആസാം, കർണാടക, തമിഴ്നാട് ജാർഖണ്ഡ്, ആന്ധ്രാപ്രദേശ്,, മധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിലുള്ള തൊഴിലാളികളും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നു. |
| (സി) ഇവരിൽ സ്വന്തമായി വീട് നിർമ്മിച്ച് താമസിക്കുന്നവർ എത്രയാണെന്നും സ്വന്തമായി വീടില്ലാത്തവർ വാടക ക്വാർട്ടേഴ്സുകളിലാണ് താമസിക്കുന്നതെങ്കിൽ അവരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) സ്വന്തമായി വീട് നിർമ്മിച്ച് താമസിക്കുന്നവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂരിഭാഗം ആൾക്കാരും വാടക ക്വാർട്ടേഴ്സിലാണ് താമസിച്ചുവരുന്നത്. കൃത്യമായ എണ്ണം ശേഖരിച്ചിട്ടില്ല. |

| | |
|---|---|
| (ഡി) സ്വന്തമായി നിർമ്മിച്ച വീട്ടുകളിലും വാടക ക്വാർട്ടേഴ്സുകളിലും താമസിക്കാത്ത ആളുകൾ എവിടെ യാണ് താമസിക്കുന്നതെന്നും; തെരുവുകളിലാണ് താമസിക്കുന്ന തെങ്കിൽ അവരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ? | (ഡി) തൊഴിലാളികൾ തെരുവോരങ്ങളിൽ താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ